# STD - VI

## അദ്ധ്യാപക സഹായി

**പാഠം - ഏഴ്　　　　സോളമൻ　　　　ഭാഗം - ഒന്ന്**

### ലക്ഷ്യം

നേതാവ് ജനഹിതമറിഞ്ഞ് പ്രവർത്തിക്കണം. വിജ്ഞാനത്തോടും വിവേകത്തോടും കൂടെ ആയിരിക്കണം, നേതാവ് തന്റെ ജനത്തെ നയിക്കേണ്ടത്. ഞാൻ ജീവിക്കുന്ന സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാകുവാൻവേണ്ടി പ്രയത്നിക്കും. വിജ്ഞാനത്തോടും വിവേകത്തോടും കൂടെ ജീവിക്കും.

### പഠനസഹായികൾ

* വചനം - 1 രാജാ. 2:13-46; 1 രാജാ. 3:4-9
* സോളമൻ കഥകൾ യൂട്യൂബ് (ഉണ്ണികളെ കഥപറയാം വീഡിയോ)
* സോളമൻ രാജാവിന്റെ ചിത്രം, ജറുസലേം ദൈവാലയം - ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* ദാവീദുരാജാവിന്റെ പുത്രൻ സോളമൻ
* സോളമൻ എന്ന വാക്കിന്റെ അർത്ഥം
* സോളമന്റെ രാജ്യഭരണം
* നേതാവ് ജനഹിതമറിഞ്ഞു പ്രവർത്തിക്കണം
* ജറുസലേം ദൈവാലയവും, കൊട്ടാര നിർമ്മാണവും
* നേതാവ് ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും ആദ്യം അന്വേഷിക്കണം.
* സോളമന്റെ ജ്ഞാനം.

### പ്രാർത്ഥന

സമൂഹത്തിൽ സമാധാനവും ഐക്യവും ഉണ്ടാകുവാൻവേണ്ടി ഞങ്ങളുടെ പ്രവർത്തനങ്ങളെ വിവേകത്താൽ നിറയ്ക്കണമേയെന്ന് പ്രാർത്ഥിക്കുന്നു. ആമ്മേൻ

## ചോദ്യങ്ങൾ

1. സോളമന്റെ മാതാപിതാക്കൾ ആരെല്ലാം ആയിരുന്നു? സോളമൻ എന്ന വാക്കിനർത്ഥം എന്താണ്?
2. സോളമന്റെ ഭരണകാലം എത്ര വർഷമായിരുന്നു?
3. സോളമന്റെ ഭരണകാലം എങ്ങനെയുള്ളതായിരുന്നു?
4. സോളമന്റെ ഭരണകാലത്തെ പ്രധാന സംഭവങ്ങൾ ഏതെല്ലാം? ഇസ്രായേലിന്റെ പ്രധാന ആരാധനാകേന്ദ്രം ഏതാണ്?
5. സ്വപ്നത്തിൽ സോളമൻ കർത്താവിനോട് എന്താണ് ആവശ്യപ്പെട്ടത്?

# STD - VI

## അദ്ധ്യാപക സഹായി

**പാഠം - ഏഴ്     സോളമൻ     ഭാഗം - രണ്ട്**

### ലക്ഷ്യം

നേതാവ് നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് ജനത്തെ ഭരിക്കണം. സർവ്വജ്ഞാനവും നൽകിയ ദൈവത്തോട് വിശ്വസ്തത പുലർത്തണം. എനിക്ക് ലഭിച്ച അറിവ് ഞാൻ മറ്റുള്ളവർക്ക് ഉപകാരപ്രദമായി വിനിയോഗിക്കും. ദൈവതിരുമുമ്പിൽ പാപം ചെയ്യുകയില്ല.

### പഠനസഹായികൾ

* വചനം - 1 രാജാ. 3:9; 1 രാജാ. 3:16-28; 1 രാജാ. 11:1-3
* സോളമന്റെ വിജ്ഞാനം - വീഡിയോ യൂട്യൂബ്
* സോളമന്റെ നീതിബോധം - സ്കിറ്റ് അവതരണം

### പാഠത്തിന്റെ ഉള്ളടക്കം

* വിജ്ഞാനവും വിവേകവും ഉള്ള നേതാവ്
* ഒരു നേതാവിന്റെ ഗുണങ്ങൾ
* ജ്ഞാനം നിറഞ്ഞവൻ ആദരം നേടുന്നു.
* ഉത്തമഗീതം, സുഭാഷിതങ്ങൾ, ജ്ഞാനം - സോളമൻ എഴുതിയ പുസ്തകങ്ങൾ
* സോളമന്റെ പതനം
* നേതാക്കന്മാരുടെ അവിശ്വസ്തത സമൂഹത്തെ ഭിന്നിപ്പിക്കുന്നു.

### പ്രാർത്ഥന

കർത്താവായ ദൈവമേ, നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് ജീവിക്കുവാനും പാപം ചെയ്യാതെ ദൈവത്തോടു വിശ്വസ്തത പുലർത്തി ജീവിക്കുവാനും ഞങ്ങളെ പ്രാപ്തമാക്കണമേയെന്ന് പ്രാർത്ഥിക്കുന്നു. ആമ്മേൻ.

### ചോദ്യങ്ങൾ

1. ഒരു നേതാവ് ജനത്തെ നയിക്കേണ്ടത് എങ്ങനെയാണ്?
2. സോളമന്റെതെന്ന് കരുതുന്ന ബൈബിളിലെ പുസ്തകങ്ങൾ ഏതെല്ലാം?

3. സോളമന്റെ വിജ്ഞാനത്തെ പരീക്ഷിച്ചത് ആര്?
4. ഇസ്രായേൽ രാജ്യം രണ്ടായി വിഭജിക്കപ്പെടാൻ സോളമൻ ചെയ്ത പാപം എന്താണ്?
5. സമ്പത്തിനേക്കാളും സ്ഥാനമാനങ്ങളെക്കാളും നാം വിലമതിക്കേണ്ടത് എന്തിനെയാണ്?